**Roll No.** | | | | | |

**INDIAN SCHOOL SALALAH**

**SECOND PRE-BOARD EXAMINATION – JANUARY 2026**

**CLASS: 10** **( MALAYALAM - 012 )** **Date: 08 - 01- 2026**

**Time: 3 HRS** **SET - 3** **Maximum Marks: 80**

---

**This question paper is divided in to Four sections**

**Section – A : Reading comprehension - 15 Marks**

**Section – B : Creative Writing - 14 Marks**

**Section – C : Grammar - 15 Marks**

**Section – D : Literature ( Prose & Poetry) - 36 Marks**

## എ വിഭാഗം / SECTION A

1. തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) **( 8X1 =8 )**

എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തിപരമായ മിത്താണ് സാഹിത്യസൃഷ്ടി. അതിൽ അസ്തിത്വത്തിൻറെ പ്രശ്നങ്ങൾ അന്തർഭവിച്ചിരിക്കുന്നു. സൃഷ്ടിയെന്ന വ്യക്തിപരമായ മിത്ത് എഴുത്തുകാരൻറെ പിറവിയുടെ ദുഃഖത്തിൽ നിന്നാണ് ജനിക്കുന്നത്. ഗർഭപാത്രത്തിൽനിന്നും ഭ്രഷ്ടനാക്കപ്പെടുന്ന കുഞ്ഞ് ഈ അന്യലോകത്തിൽ പിറന്നുവീഴുന്ന ആദ്യത്തെ നിമിഷത്തിൽത്തന്നെ അന്യതാബോധമെന്ന ദുഃഖം അനുഭവിച്ചു തുടങ്ങുന്നു. ഈ പിറവിയുടെ ദുഃഖം ദർശനത്തിൻറെ ഭാഗം മാത്രമല്ല. സൗന്ദര്യബോധത്തിൻറെ പ്രധാനലഹരികൂടിയാണ്. ഈ ജന്മദുഃഖമാണ് സ്വന്തമായൊരു മിത്ത് സൃഷ്ടിക്കുവാൻ അയാളെ പ്രേരിപ്പിക്കുന്നത്. പരിസരങ്ങൾ മനുഷ്യനിൽ ജനിപ്പിക്കുന്ന അപരിചിതഭാവമാണ് അന്യനെ സൃഷ്ടിക്കുന്നത്. ഈ ലോകത്തിലെ ജീവിതം അവനൊരു തടവുമുറി

**( P T O )**

യാണ്. ഇതൊരു തടവുമുറിയാണെന്നും ഇതിൽനിന്നും രക്ഷപ്പെടുക അസാധ്യമാണെന്നും മനസ്സിലാക്കുന്നതോടെ മനുഷ്യൻ ശിക്ഷിക്കപ്പെട്ടവൻറെ ദുഃഖം അനുഭവിക്കുന്നു. അങ്ങനെ ഞാൻ ആരാണെന്ന ചോദ്യം -ഐഡൻറിറ്റിയുടെ പ്രശ്നം- എഴുത്തുകാരൻറെ പ്രതിഭയെ അലട്ടുകയും സൃഷ്ടിയുടെ നിർബന്ധിത നിമിഷങ്ങൾ സ്വയം ജനിക്കുകയും ചെയ്യുന്നു. മനുഷ്യനേയും അവൻറെ തടവുമുറിയേയും സംബന്ധിക്കുന്ന ഈ ദർശനദുഃഖത്തിൻറെ ആധി പിടിപെട്ട പ്രവാചകനാണ് പുതിയ എഴുത്തുകാരൻ. അന്യൻറെ പ്രശ്നം ആധുനികമനുഷ്യൻ സകല അസ്വസ്ഥതയോടുംകൂടി ഗൗരവപൂർവ്വം കൈകാര്യംചെയ്ത ആദ്യത്തെ എഴുത്തുകാരൻ ദസ്തയേവ്സ്കിയായിരുന്നു. "ഞാൻ പണ്ട് മരിച്ചു കഴിഞ്ഞിരിക്കുന്നു. എനിക്കു മരണാനന്തരാസ്തിത്വം മാത്രമേയുള്ളൂ" എന്ന് പറഞ്ഞ കീറ്റ്സ് അസ്തിത്വത്തിൻറെ ദുഃഖം അവ്യക്തമായി വികാരതലങ്ങളിലൂടെ മാത്രം കണ്ടെത്തുകയാണ് ചെയ്തത്. സ്വാതന്ത്ര്യത്തിൻറെ വേദന അനുഭവിച്ചുകൊണ്ട് മാനവവാദിയായി മാറുന്നവനാണ് പുതിയ എഴുത്തുകാരൻ. സമൂഹത്തിൻറെ മധ്യത്തിൽ ജീവിക്കുമ്പോഴും മനുഷ്യനെ അവൻറെ സ്വകാര്യചിന്തകൾ വേട്ടയാടിക്കൊണ്ടിരിക്കും.

**<u>ചോദ്യങ്ങൾ</u>**

(a). എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തിപരമായ മിത്തെന്ത് ?

(b). എഴുത്തുകാരൻറെ പിറവിയുടെ ദുഖത്തിൽ നിന്ന് ജനിക്കുന്നതെന്ത് ?

(c). അന്യൻറെ പ്രശ്നം ആധുനിക മനുഷ്യൻറെ സകല അസ്വസ്ഥതയോടുംകൂടി ഗൌരവപൂർവ്വം കൈകാര്യം ചെയ്ത ആദ്യത്തെ എഴുത്തുകാരൻ ആര് ?

(d). എഴുത്തുകാരൻറെ പ്രതിഭയെ അലട്ടുന്നതെന്ത് ?

(e). ഗർഭപാത്രത്തിൽനിന്നും ഭ്രഷ്ടനാക്കപ്പെടുന്ന കുഞ്ഞ് ഈ അന്യലോകത്തിൽ പിറന്നുവീഴുന്ന ആദ്യത്തെ നിമിഷത്തിൽത്തന്നെ അനുഭവിച്ചു തുടങ്ങുന്നതെന്ത് ?

**( P T O )**

(f). “എനിക്കു മരണാനന്തരാസ്തിത്വം മാത്രമേയുള്ളൂ” എന്നു പറഞ്ഞതാര് ?

(g). പുതിയ എഴുത്തുകാരൻ മാനവവാദിയായി മാറുന്നതെങ്ങനെ ?

(h). സമൂഹത്തിൻറെ മധ്യത്തിൽ ജീവിക്കുമ്പോഴും മനുഷ്യനെ വേട്ടയാടിക്കൊണ്ടിരിക്കുന്നതെന്ത് ?

**2.** തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) **( 7X1 =7 )**

“തലച്ചോറിന് ക്ഷതവും കണ്ണിന് അറപ്പും മൂക്കിന് വെറുപ്പും ശ്വാസകോശത്തിന് അപകടവും വരുത്തുന്ന ഒരുപചാരമാണിത്” എന്ന് പുകയിലയെപ്പറ്റി 1603-ൽ ഇംഗ്ലണ്ടിൻറെ സിംഹാസനമേറിയ ജെയിംസ് ഒന്നാമൻ പറഞ്ഞിട്ടുണ്ട്. പക്ഷേ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നാം അത് ഉൾക്കൊണ്ടിട്ടില്ല. ഇന്ന് പുകവലിക്കുന്നവരുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. തങ്ങളുടെ ജീവിതമാണ് പുകഞ്ഞു തീരുന്നതെന്ന് മനസ്സിലാക്കിയിട്ടും മനുഷ്യൻ അതിനടിമപ്പെട്ടുപോകുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. നിക്കോട്ടിയാന എന്ന വംശത്തിലുള്ള ചെടിയാണ് പുകയില. ആ ചെടിയിൽ വിഷം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞനാണ് ജീൻ നിക്കോട്ടിൻ. അദ്ദേഹത്തിൻറെ പേരിലാണ് അതിലെ വിഷാംശത്തിന് നിക്കോട്ടിൻ എന്നപേര് നൽകിയിരിക്കുന്നത്. നിക്കോട്ടിൻ എന്ന വിഷത്തിൻറെ ഒരുതുള്ളി നാക്കിൽ വീണാൽ മതി ഒരാൾ മരിക്കും. പുകവലിക്കുമ്പോൾ വളരെ ലഘുവായ മാത്രയിൽ അത് രക്തത്തിൽ കലരുന്നത് കൊണ്ടും കാലക്രമേണ ശരീരം പ്രതിരോധ ശേഷി ആർജ്ജിക്കുന്നതുകൊണ്ടുമാണ് അത്രയ്ക്ക് അപകടം സംഭവിക്കാത്തത്. അപകടം ക്രമേണ മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ. പുകയിലയിലെ വിഷാംശം ശരീരത്തിൽ അതിവേഗം ലയിച്ചുചേരുന്ന ഒന്നാണ്. സിഗരറ്റു വലിക്കുമ്പോൾ അത് അതിവേഗത്തിൽ തലച്ചോറിലും പാദത്തിലെ തള്ളവിരലിലും എത്തും. പുകവലി കൊണ്ട് പ്രധാനമായും തകരാറുണ്ടാകുന്നത് ഹൃദയത്തിനും ശ്വാസകോശത്തിനും കരളിനുമാണ്. വിറ്റാ

മിൻ-എ), വിറ്റാമിൻ-ബി എന്നിവയാണ് പുകവലിമൂലം അമിതമായിട്ട് നഷ്ടപ്പെടുന്നത്. വിട്ടുമാറാത്ത ചുമ, ശ്വാസംമുട്ടൽ, കഫം തുടങ്ങിയവയും പുകവലി സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളാണ്.

**ചോദ്യങ്ങൾ**

(a). പുകയില ഏതു വംശത്തിൽപ്പെട്ട ചെടിയാണ് ?

(b). ശരീരത്തിൽ അതിവേഗം ലയിച്ചു ചേരുന്നത് എന്താണ് ?

(c). പുകയിലയിൽ അടങ്ങിയിരിക്കുന്ന വിഷാംശത്തിൻറെ പേരെന്താണ് ?

(d). പുകവലി സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെ ?

(e). മനുഷ്യശരീരത്തിൽ നിന്ന് പുകവലി കാരണം അമിതമായി നഷ്ടപ്പെട്ടുപോകുന്നതെന്ത് ?

(f). പുകവലി പ്രധാനമായും തകരാറിലാക്കുന്നത് ഏതൊക്കെ അവയവങ്ങളെയാണ് ?

(g). പുകവലിയെക്കുറിച്ച് ജയിംസ് ഒന്നാമൻറെ അഭിപ്രായം എന്ത് ?

## ബി വിഭാഗം / SECTION B

**3.** (a). താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക . **5**

(i). വൃദ്ധസദനങ്ങൾ ആവശ്യമോ ?

(ii). പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3(b). അടിക്കടിയുണ്ടാകുന്ന പാചകവാതക വിലവർദ്ധനയ്ക്ക് ഒരു പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക **5**

3 (c).“എല്ലാ വീടുകളിലും അടുക്കളത്തോട്ടം” എന്ന ലക്ഷ്യത്തോടെ സംസ്ഥാനവ്യാപകമായി സംഘടിപ്പിക്കുന്ന പ്രചരണ പ്രവർത്തനം കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു. പരിപാടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒരു പത്രവാർത്തയായി അവതരിപ്പിക്കുക **4**

## സി വിഭാഗം / SECTION C

**4. (a).** പ്രയോഗം മാറ്റുക. **(2X1=2)**

(i). മെത്രാൻ അയാളോട് താഴ്ന്ന സ്വരത്തിൽ പറഞ്ഞു .

(ii). ആ കാഴ്ച നോക്കിനിന്നു ചിരുതയാൽ ആനന്ദിക്കപ്പെട്ടു .

**4. (b).** അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. **(2X1=2)**

(i). ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോടുകൂടി മദാം മഗ്ലാർ ഒരു നിമിഷ നേരം കൊണ്ട് ഈശ്വരവന്ദനമുറിയിലേക്കു പാഞ്ഞു.

(ii). ഏതോ ശീലത്തിൻറെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസു നിവർത്തി നോക്കി.

**4. (c).** വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **(2X1=2)**

(i). രാഷ്ട്രീയത്തിലെ നാലാമത്തെ വലിയ മഹാശക്തിയാണ് പത്രം.

(ii). ബന്ധുക്കളുടെ ഇടയിൽ പ്രതാപത്തോടും ശ്രീയോടും ഐശ്വര്യത്തോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാൾ ഇത് ചെയ്തതെങ്കിൽ ബഹുമാനിക്കാ മായിരുന്നു.

**4 (d ).** ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **(2X1=2)**

(i). കഥകഴിക്കുക (ii). നിരോധിക്കുക (iii). അക്ഷന്തവ്യമായ

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **( 7X1=7 )**

**5.** (a). "വിയോഗം" എന്ന വാക്കിൻറെ വിപരീതപദം ഏത് ?

(A) നിയോഗം (B) സംയോഗം

(C) അയോഗം (D) ദുര്യോഗം **( P T O )**

5.(b). "പാല്" - ഈ പദത്തിൻറെ ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക

(A) പയസ്സ് (B) അന്നം

(C) ക്ഷീരം (D) മധു

5.(c). "സഹോദരൻ" എന്ന വാക്ക് ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?

(A) സഹ + ഉദരൻ (B) സഹോ + ഉദരൻ

(C) സഹോ + ദരൻ (D) സഹ + ദരൻ

5.(d). "കുതിര" എന്ന് അർഥം വരാത്ത പദമേത് ?

(A) രണം (B) അശ്വം

(C) വാജി (D) ഹയം

5.(e). "അങ്കം" - എന്ന വാക്കിൻറെ നാനാർഥ പദങ്ങൾ ഏതെല്ലാം ?

(A) അവയവം (B) ശരീരം

(C) യുദ്ധം (D) മടിത്തട്ട്

5.(f). "രാഗം" - എന്നതിൻറെ നാനാർഥ പദമല്ലാത്ത പദമേത് ?

(A) സ്നേഹം (B) ഈണം

(C) രശ്മി (D) ചുവപ്പ്

5.(g). "പ്രഭാവം - പ്രഭവം" ഇവയുടെ അർഥവ്യത്യാസം വ്യക്തമാക്കുക

(A) ഉത്ഭവം (B) ഗുണം

(C) മഹിമ (D) പെട്ടെന്ന്

5.(h). "ജന്മസിദ്ധി" - എന്ന വാക്ക് ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ?

(A) ജന്മത്തിൻറെ സിദ്ധി (B) ജന്മവും സിദ്ധിയും

(C) ജന്മമുള്ള സിദ്ധി (D) ജന്മത്താലുള്ള സിദ്ധി

5.(i). "ഭവാൻ" - എന്ന വാക്കിൻറെ എതിർലിംഗം ഏതാണ് ?

(A) ഭവതി (B) ഭവാനി

(C) ഭഗിനി (D) ഭഗനി

**5.**(j). തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(A) സ്വേച്ചാധിപതി (B) സ്വേച്ഛാദിപതി

(C) സ്വേച്ഛാധിപതി (D) സ്വേച്ഛാതിപതി

## ഡി വിഭാഗം / SECTION D

**6.** തന്നിരിക്കുന്ന പന്ത്രണ്ടു ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. ( ഓരോന്നിനും 2 മാർക്ക് വീതം ) **( 9X2=18 )**

**(a)**. “ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെ
വയ്യ , തലയ്ക്കകത്തെന്തോ പെരുക്കുന്നു”.

(i). ആര് ആരെയാണ് പഴി പറയുന്നത് ?

(A) അമ്മ മകനെ (B) മകൻ അമ്മയെ

(C) ഭാര്യ ഭർത്താവിനെ (D) ഭർത്താവ് ഭാര്യയെ

(ii). എന്തിനാണ് പഴി പറയുന്നത് ?

(A) അമ്മയെ ഉപേക്ഷിക്കാത്തതിന്

(B) അമ്മയെ ചികിത്സിക്കാത്തതിന്

(C) അമ്മയെ സ്നേഹിക്കാത്തതിന്

(D) അമ്മയെ അമ്പലത്തിൽ കൊണ്ടുപോകാത്തതിന്

**6.(b)**. “പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു”

(i). എന്തിൻറെ സൂചനയായിരുന്നു കൊമ്പുവിളി ?

( A) ശവസംസ്കാരത്തിൻറെ (B) കോടതി വിധി വരുന്നതിൻറെ

(C) ഉത്സവത്തിൻറെ (D) വധശിക്ഷയുടെ ചടങ്ങിൻറെ

(ii). എവിടെയാണ് കൊമ്പുവിളികൾ മുഴങ്ങിയത് ?

(A) ജയിലിൽ (B) തീവണ്ടിയാപ്പീസിൽ

(C) പാഴുതറയിൽ (D) കടൽത്തീരത്ത്

( P T O )

6. **(c)**. "ഏകാന്തചേതസ്സാ ചെയ്ക വേണ്ടുന്നതും"

(i). എന്താണ് ഏകാന്തചേതസ്സോടെ ചെയ്യേണ്ടത് ?

(A) സന്യാസം (B) വിദ്യാഭ്യാസം

(C) സത്യം (D) ജോലി

(ii). ആരാണ് ചെയ്യേണ്ടത് ?

(A) ബുധജനം (B) രാജാവ്

(C) മോക്ഷാർഥി (D) പുത്രൻ

**6. (d).** "ചാരുശൈശവ കഥയ്ക്കുതന്നെ ചേർ-

ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ"

(i). ആരാണ് വാക്കുകൾ പറഞ്ഞത് ?

(A) സന്യാസിനി (B) കവി

(C) വിവേകി (D) ദിവാകരൻ

(ii). ഏപ്പോൾ ?

(A) മൊഴി കുഴങ്ങി നിന്നപ്പോൾ (B) ആരതെന്നുടനറിഞ്ഞപ്പോൾ

(C) കണ്ടയുടനെ (D) കണ്ണുനീർ തൂവിയപ്പോൾ

**6.(e)**. "ആ ദുഷ്ടന്മാർ കൊടും ക്രൂരതകാട്ടി എൻറെ അച്ഛനെ വധിച്ചു. അതിലും എനിക്കത്ര വ്യസനമില്ല, അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ. ഞാനിതാ എൻറെ സുകൃതങ്ങളെപ്പിടിച്ചാണയിടുന്നു."

(i). ആര് ആരോടാണിങ്ങനെ പറയുന്നത് ?

(A) കൃപർ ദുര്യോധനനോട്

(B) ദുര്യോധനൻ അശ്വത്ഥാമാവിനോട്

(C) അശ്വത്ഥാമാവ് ദുര്യോധനനോട്

(D) അശ്വത്ഥാമാവ് കൃപാചാര്യരോട്

( P T O )

(ii). എന്തായിരുന്നു ശപഥം ?

(A) ഭീമനെ വധിക്കുമെന്ന്

(B) കൌരവരെ വധിക്കുമെന്ന്

(C) കൃഷ്ണനെ വധിക്കുമെന്ന്

(D) പാഞ്ചാലരെ വധിക്കുമെന്ന്

**6. (f).** “ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്ത് മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല”

(i). ഇത് ആരുടെ വാക്കുകൾ ?

(A) മദാം മഗ്ല്വാർ

(B) പോലീസുകാരൻ

(C) മെത്രാൻ

(D) ഴാങ് വാൽ ഴാങ്

(ii). ഈ വാക്കുകളിൽ തെളിയുന്ന ജീവിതകാഴ്ചപ്പാട് എന്ത് ?

(A) ആർഭാടം ആവശ്യമാണ്

(B) ലാളിത്യമാണ് ജീവിതത്തെ സുന്ദരമാക്കുന്നത്

(C) ഭക്ഷണം കഴിക്കാൻ മുള്ളും കയിലും വേണം

(D) ജീവിതം സങ്കീർണ്ണമാണ്

**6.(g).** “രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു”

(i). ഇവിടെ വ്യാപാരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(A) കർഷകർക്ക് നെല്ല് വിതരണം ചെയ്യൽ

(B) പലിശയ്ക്ക് പണം കടംകൊടുക്കൽ

(C) നെല്ല് മോഷ്ടിക്കൽ

(D) കൂടിയ വിലയ്ക്ക് നെല്ല് മറിച്ച് വിൽക്കൽ

**( P T O )**

(ii). ഏത് കൃതിയിൽ നിന്നെടുത്തതാണ് ഈ വരികൾ ?

(A) രണ്ടിടങ്ങഴി (B) കയർ

(C) ചെമ്മീൻ (D) ഏണിപ്പടികൾ

**6. (h).** (i). കുഞ്ചിരോമങ്ങൾ തുള്ളിച്ച് സഞ്ചരിച്ച കുതിരയെ കടിഞ്ഞാണുമായി വന്നു കൊണ്ടുപോയതാര് ?

(A) സേനകൾ (B) ദൈവം

(C) ആഗമതത്ത്വവേദികൾ (D) രാജാക്കന്മാർ

(ii). കുതിരയെ കൊണ്ടുപോയതെന്തിന് ?

(A) ഓട്ടമത്സരത്തിന് (B) അശ്വമേധത്തിന്

(C) സവാരിക്കിറങ്ങുവാൻ (D) യുദ്ധത്തിന്

**6.(i).** "മലരിൻകൂട നിറച്ചു വിറച്ചേ നിൽക്കുകയല്ലോ"

(i). ആരാണ് മലരിൽകൂട നിറച്ചു കാത്തു നിൽക്കുന്നത് ?

(A) മുക്കുറ്റി (B) തുമ്പ

(C) മുല്ല (D) ആമ്പൽ

(ii). എവിടെയാണ് കാത്തു നിൽക്കുന്നത് ?

(A) മേടുകളിൽ (B) വഴിയരികിൽ

(C) വയലുകളിൽ (D) വെള്ളിത്താലത്തിൽ

**6.(j).** "പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക , ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്"

(i). ആരാണ് ഇങ്ങനെ പറഞ്ഞത് ?

(A) നെപ്പോളിയൻ (B) ഇബ്സൻ

(C) ഓസ്കാർ വൈൽഡ് (D) ജഫേഴ്സൺ

**( P T O )**

(ii). ഈ വാക്കുകളുടെ പൊരുൾ എന്ത് ?

(A) പത്രങ്ങൾ ഭരണത്തെ സ്വാധീനിക്കുന്നു

(B) പത്രങ്ങളെ ഭരണകൂടം ഭയപ്പെടുന്നു

(C) പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു

(D) പത്രങ്ങളാണ് ഭരണം നടത്തുന്നത്

**6.(k).** "ദേവകീപുത്രൻ പറഞ്ഞ ഉത്തമവാക്യം തീർച്ചയായും ഫലിക്കും"

(i). ആരാണ് ഇങ്ങനെ പറഞ്ഞത് ?

(A) വ്യാസൻ (B) കൃപർ

(C) യുധിഷ്ഠിരൻ (D) അശ്വത്ഥാമാവ്

(ii). ശ്രീകൃഷ്ണൻ ദ്രൗണിക്കു നേരെ ചൊരിഞ്ഞ ശാപവാക്കുകളിൽ ഉൾപ്പെടാത്ത ഒന്നേത് ?

(A) കൊടുംകാടുകളിൽ തെണ്ടിയലയും

(B) ക്ഷത്രിയധർമ്മത്തിലിരുന്നു ഭൂമി വാഴും

(C) ശരീരത്തിൽനിന്ന് ചോരയും ചലവും നാറും

(D) സർവ്വവ്യാധികളും പിടിപെടും

**6. (l).** "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു

പാട്ടാണെന്നു പഴിക്കാമിന്നു"

(i). പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കുന്നതാര് ?

(A) ഗ്രാമീണസ്ത്രീകൾ (B) പരിഷ്കാരികൾ

(C) പുള്ളുവൻ (D) മഹാബലി

(ii). ഈ വരികൾ ഉൾപ്പെടുന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ് ?

(A) മകരക്കൊയ്ത്ത് (B) കടൽക്കാക്കകൾ

(C) വിട (D) കയ്പവല്ലരി

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **( ഓരോന്നിനും 3 മാർക്ക് വീതം )** **(3 X3=9 )**

(i). "തമ്പ്രാ എന്നു നെല്ല് കൂലി മതി. ചക്രം മേണ്ട" - കോരൻ ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?

(ii). "ഗുരുഘ്നാതികൾക്ക് കുലപാംസനാ ലോകങ്ങളില്ല" - സന്ദർഭം , ആശയം വിശദീകരിക്കുക

(iii). കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറിനുള്ള സ്ഥാനമെന്ത് ?

(iv). "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്." ആശയം വ്യക്തമാക്കുക

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **( ഓരോന്നിനും 3 മാർക്ക് വീതം )** **( 3X3=9 )**

(i). "പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചതു ചാടിക്കുതിക്കുന്നു" - ഈ വരികൾ നൽകുന്ന സന്ദേശം എന്ത്?

(ii). മലയാളദേശം ഓണത്തെ സ്വീകരിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

(iii). "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം" - ആശയം വ്യക്തമാക്കുക

(iv). "ഭവാനുപണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ"
നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിൻറെ കാരണമെന്താവാം ?

**********************************************************